പെരുമ്പാവൂരിനെ ക്ലീൻ ആക്കാൻ ഓപ്പറേഷൻ ക്ലീൻ പെരുമ്പാവൂർ പദ്ധതിയുമായി പോലീസ്. ഇതിന്റെ ഭാഗമായി വ്യാപക പരിശോധനകളാണ് എ.എസ്.പി മോഹിത് രാവത്തിന്റെ നേതൃത്വത്തിൽ നടക്കുന്നത്. ലഹരി വസ്തുക്കളുടെ വിൽപ്പനയും ഉപയോഗവും തടയുക , അനാശ്യാസ പ്രവർത്തനങ്ങൾ തടയുക, ക്രമസമാധാനം നിലനിർത്തുക തുടങ്ങിയവ പ്രവർത്തനത്തിന്റെ ഭാഗമാണ്. ഓപ്പറേഷന്റെ ഭാഗമായി , പെരുമ്പാവൂർ കാള ചന്ത ഭാഗത്തുള്ള ബേക്കറിയിൽ നിന്ന് നിരോധിത പുകയില ഉത്പന്നങ്ങളും, പെരുമ്പാവൂർ ജ്യോതി ജംഗ്ഷനിലെ ഗോഡൗണിൽ നിന്ന് 10 ലക്ഷം രൂപയോളം വില വരുന്ന നിരോധിത പുകയില ഉൽപ്പന്നങ്ങളും പിടികൂടി. പെരുമ്പാവൂർ പ്രൈവറ്റ് ബസ് സ്റ്റാൻഡിൽ നിന്ന് ഒരു മലയാളിയായ യുവാവിനെ കഞ്ചാവുമായും, മറ്റൊരു അന്യസംസ്ഥാന തൊഴിലാളിയെ ഹെറോയിനുമായും പിടികൂടി. പെരുമ്പാവൂർ ഇവിഎം തീയേറ്ററിന് സമീപമുള്ള ഒരു കടയിൽനിന്ന് കഞ്ചാവ് വലിക്കാൻ ഉപയോഗിക്കുന്ന പേപ്പറുകളും മറ്റും കണ്ടെടുത്തു. രണ്ട് മോഷ്ടാക്കളെ കരുതൽ തടങ്കലിലാക്കി. ഇതിനകം ലക്ഷക്കണക്കിന് രൂപ വിലവരുന്ന നിരോധിത പുകയില ഉൽപ്പന്നങ്ങൾ പിടികൂടിയിട്ടുണ്ട്. എം.ഡി.എം.എ), ഹെറോയിൻ , കഞ്ചാവ് ഉൾപ്പടെയുള്ള മയക്കുമരുന്ന് കണ്ടെടുത്തു. പരസ്യ മദ്യപാനത്തിന് നിരവധി പേർക്കെതിരെ കേസെടുത്തു. അനധികൃത മദ്യവിൽപ്പനക്കെതിരെ ശക്തമായ നടപടിയാണ് സ്വീകരിക്കുന്നത്. അനാശാസ്യ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഹോട്ടലുകളിൽ റെയ്ഡ് ശക്തമാക്കും. കൂടുതൽ പോലീസിനെ പരിശോധനയ്ക്ക് നിയോഗിക്കും. വാഹന പട്രോളിംഗും ഉണ്ടാകും. ഇത് സംബന്ധിച്ച് വിവരങ്ങൾ ലഭ്യമായാൽ പോലീസിനെ അറിയിക്കുക.